**QP CODE** **Enrollment Number: ………………**

**A3004** **Name: ………………………………**

# MA DEGREE EXAMINATIONS, DECEMBER 2024
## Fourth Semester
## M.A. Malayalam Language and Literature
## M21ML12DC – ആധുനികാനന്തര സാഹിത്യസിദ്ധാന്തങ്ങൾ
## (2022 admissions)

**Time: 3 Hours** **Max Marks: 70**

### സെക്ഷൻ എ

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം.**

1. പാഠം (text) എന്ന പദത്തിന്റെ നിഷ്പത്തി എന്താണ്?
2. വിമോചനപരമായ രൂപീകരണം എന്ന സങ്കല്പനം അവതരിപ്പിച്ചതാര്? അതു കൊണ്ട് വിവക്ഷിക്കുന്നതെന്ത്?
3. സംസ്കാരവ്യവസായം എന്ന സങ്കല്പത്തെ അഡോർണോ വിശദീകരിക്കുന്നത് ഏത് ഘടകങ്ങളുമായി ബന്ധപ്പെടുത്തിയാണ് ?
4. നെഗ്രിറ്റ്യൂഡ് എന്ന സംജ്ഞയുടെ അടിസ്ഥാന ആശയമെന്താണ്?
5. മനസ്സിനെ അപകോളനിവൽക്കരിക്കുക എന്നതുകൊണ്ട് എൻഗുഗി വാതിയോങ്കോ അർത്ഥമാക്കുന്നതെന്ത്?
6. ദലിത് ഫെമിനിസത്തിന്റെ പ്രധാന കാഴ്ചപ്പാടെന്താണ്?
7. സൈബോർഗ് എന്ന കല്പനയുടെ അർത്ഥമെന്ത്?
8. എന്താണ് ഗഹന പരിസ്ഥിതിവാദം?

**(2X5=10)**

### സെക്ഷൻ ബി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. "അപനിർമ്മാണം കൃതിയെ നിരന്തരം ചോദ്യം ചെയ്യുന്നു" - വിശദീകരിക്കുക.
10. ജൂലിയ ക്രിസ്തേവയുടെ വിമർശനസങ്കല്പത്തിലെ പ്രധാന ആശയമെന്ത്?
11. അറിവും അധികാരവും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ് ഫൂക്കോ പറയുന്നത്?

12. ഭാഷയും അബോധവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ലകാന്റെ നിലപാടുകൾ വിശദീകരിക്കുക.
13. ക്രിട്ടിക്കൽ തിയറി മുന്നോട്ടു വെയ്ക്കുന്ന ആശയധാര എന്താണ്?
14. വിമർശനത്തിലെ യൂറോകേന്ദ്രിത നിലപാടുകളെ കോളനിയാനന്തര വിമർശനം തള്ളിക്കളയുന്നതെന്തുകൊണ്ട്?
15. 'ദേശീയത' എന്ന ആശയത്തെ ഹോമി കെ. ഭാഭ വിവരിക്കുന്നതെങ്ങനെ?
16. ആധുനികാനന്തര സാഹിത്യനിരൂപണത്തിന് ഗായത്രി ചക്രവർത്തി സ്പിവാക് നല്കിയ ആശയപിന്തുണ എന്തായിരുന്നു?
17. എലൈൻ ഷോവാൾട്ടറുടെ സ്ത്രീകാവ്യശാസ്ത്രം എന്ന സങ്കല്പനം വിവരിക്കുക.
18. എന്താണ് ബ്ലാക്ക് ഫെമിനിസം?

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം.**

19. സാമ്പ്രദായിക സങ്കല്പങ്ങളിൽ നിന്നും വ്യതിചലിക്കുന്ന തത്ത്വചിന്താപരമായ സമീപനമാണ് സാഹിത്യ നിരൂപണത്തിൽ ജാക്വസ് ദറിദ അവതരിപ്പിച്ചത്. ദറിയുടെ പ്രധാന വിമർശന സങ്കല്പങ്ങളെ മുൻനിർത്തി ഈ അഭിപ്രായം വിലയിരുത്തുക.
20. സംസ്കാരപഠനത്തിലെ പ്രധാന ചിന്തകന്മാരെയും അവരുടെ സിദ്ധാന്തങ്ങളെയും കുറിച്ച് വിവരിക്കുക.
21. അപകോളനീകരണ സിദ്ധാന്തങ്ങളിലെ ആഫ്രിക്കൻ ചിന്താധാരകളെക്കുറിച്ച് വിവരിക്കുക.
22. പ്രധാന സ്ത്രീവാദ വിമർശന സൈദ്ധാന്തികരെക്കുറിച്ച് വിവരിക്കുക.

**(15X2=30)**